നിന്നും ആരോഗ്യവകുപ്പ് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ച് നിയമാനുസൃതം വേണ്ട നടപടി കൈക്കൊള്ളുന്നതാണ്.

(ബി) തിരുവഞ്ചൂർ പി.എച്ച്.സി. യിൽ അത്യാഹിത വിഭാഗം ആരംഭിക്കുവാനുള്ള സൗകര്യങ്ങൾ തത്ക്കാലം നിലവിലില്ല.

149(176) ഓമാന്നൂർ പി.എച്ച്.സി.യെ സാമൂഹ്യക്ഷേമ കേന്ദ്രമായി ഉയർത്താൻ നടപടി

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) മഞ്ചേരി നിയോജക മണ്ഡലത്തിലെ ഓമാന്നൂർ പി.എച്ച്.സി. യെ സാമൂഹ്യക്ഷേമ കേന്ദ്രമാക്കി ഉയർത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ എന്നു മുതൽ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ,ബി) ഓമാന്നൂർ പി.എച്ച്.സി. യെ സാമൂഹ്യക്ഷേമ കേന്ദ്രമാക്കി ഉയർത്താനുള്ള നിർദ്ദേശം മഞ്ചേരി ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ച് നിയമാനുസൃതം വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

150(177) അനസ്തേഷ്യാ ഡോക്ടറുടെ ഒഴിവുകൾ

ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) കണ്ണൂർ ജില്ലാ ആശുപത്രിയിലെ അനസ്തേഷ്യാ ഡോക്ടറുടെ ഒഴിവുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഭാഗത്തിൽ സ്ഥിരനിയമനം നല്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിനകം നടപടികൾ സ്വീകരിച്ചെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ,ബി) കണ്ണൂർ ജില്ലാ ആശുപത്രിയിൽ ഉണ്ടായിരുന്ന അനസ്തേഷ്യാ ഡോക്ടറുടെ ഒഴിവിൽ സ്ഥിരനിയമനം നടത്തിയിട്ടുണ്ട്.

(സി) ഡോ. എ.എം.ഗീത അവിടെ അനസ്തറ്റിസ്റ്റായി ജോലിനോക്കി വരുന്നു.

151(178) കണ്ണൂർ ജില്ലാ ആശുപത്രിയിലെ ഒഴിവുകൾ നികത്താൻ നടപടി

ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കണ്ണൂർ ജില്ലാ ആശുപത്രിയിൽ അനുവദിക്കപ്പെട്ട ജീവനക്കാരുടെ എണ്ണം എത്ര ;

(ബി) ഇതിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ഏതെല്ലാം; തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) 413 തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്.

(ബി)

അസിസ്റ്റന്റ് സർജൻ	4
നേഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്1	1
ജൂനിയർ സയന്റിഫിക് ആഫീസർ	1
സൈക്കിയാട്രിക്ക് സോഷ്യൽ വർക്കർ	1
ഡയറ്റീഷ്യൻ	1
ഡെന്റൽ ഹൈജനിസ്റ്റ്	1
മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ	1
ഡെന്റൽ മെക്കാനിക്ക്	1
ലേഡി ഹെൽത്ത് ഇൻസ്പെക്ടർ	1
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ	1
നഴ്സിംഗ് അസിസ്റ്റന്റ്	9
ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II	11
കുക്ക്	1
പ്യൂൺ	1
ആകെ	35

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

152(179) ഡോക്ടർമാരുടെ ഒഴിവ് നികത്താൻ നടപടി

ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) കണ്ണൂർ ജില്ലയിലെ പുഴാതി പി.എച്ച്. സി. യിൽ എത്ര ഡോക്ടർമാരെയാണ് നിയമിച്ചിട്ടുള്ളത്; ഇതിൽ എത്ര പേർ ഇപ്പോൾ അവിടെ സേവനം അനുഷ്ഠിക്കുന്നുണ്ട്; എത്ര ഒഴിവുകൾ നികത്താനുണ്ട്;

(ബി) ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നല്കാമോ?

LIBRARY ARCHIVES Kerala Legislative Assembly